# വിജ്ഞാപനം

2017 നവംബർ മാസം 1-ാം തീയതി മുതൽ 2018 ഒക്ടോബർ മാസം 31-ാം തീയതി വരെയുള്ള ഒരു വർഷത്തേയ്ക്ക് മൂന്നു മാസം വീതം കാലദൈർഘ്യമുള്ള നാല് ബാച്ചുകളിലായി തിരുവനന്തപുരം,കോട്ടയം,തൃശൂർ, കോഴിക്കോട്,കണ്ണൂർ എന്നീ കേന്ദ്രങ്ങളിൽ തുടങ്ങുന്ന ചെയിൻ സർവ്വെ (ലോവർ) ക്ളാസുകളിലേയ്ക്കുള്ള പ്രവേശനത്തിന് നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

സർവ്വെ ക്ളാസ്സിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ അപേക്ഷകൾ 2017 സെപ്റ്റംബർ മാസം 11-ാം തീയതിക്ക് മുൻപായി തിരുവനന്തപുരത്ത് വഴുതക്കാട്ടുള്ള സർവ്വെ ഡയറക്ടറാഫീസിൽ എത്തിച്ചിരിക്കണം. ടൈപ്പുചെയ്തതോ കൈകൊണ്ടെഴുതിയതോ ആയ അപേക്ഷാഫാറങ്ങൾ ഉപയോഗിക്കാവുന്നതാണ്. അച്ചടിച്ച അപേക്ഷാഫാറങ്ങൾ ഈ ആഫീസിൽ നിന്നും വിതരണം ചെയ്യുന്നതല്ല.

അപേക്ഷകർ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയായ എസ്.എസ്.എൽ.സിയോ, തത്തുല്യമായ പരീക്ഷയോ പാസ്സായവരും, 35 വയസ്സുപൂർത്തിയാകാത്തവരും ആയിരിക്കണം. എന്നാൽ പിന്നോക്ക സമുദായക്കാർക്ക് 38 വയസ്സും, പട്ടികജാതി,പട്ടികവർഗ്ഗകാർക്ക് 40 വയസ്സും ആണ് ഉയർന്ന പ്രായ പരിധി. 2016 സെപ്റ്റംബർ 1-ാം തീയതി വച്ചു കണക്കാക്കേണ്ടതാണ്

സർവ്വെ സ്കൂളിൽ ചേരുന്നതിനുള്ള അപേക്ഷയോടൊപ്പം താഴെ പറയുന്ന റിക്കാർഡുകൾ ചേർത്തിരിക്കേണ്ടതാണ്.

(1) ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ എസ്.എസ്.എൽ.സി.ബുക്കിന്റെ ശരി കർപ്പ്.
    (വയസ്സ് തെളിയിക്കുന്നതിന്റേയും,പബ്ളിക്ക് പരീക്ഷയിൽ നേടിയ മാർക്ക് തെളിയിക്കുന്നതിന്റേയും പേജുകൾ)

(2) ബന്ധപ്പെട്ട ആഫീസിൽ നിന്നും ലഭിച്ച ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ അസ്സൽ.
    ( പട്ടിക ജാതി, പട്ടികവർഗ്ഗകാർക്കുമാത്രം)

(3) ഏതെങ്കിലും ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനിൽ നിന്നും 6 മാസത്തിനകം ലഭിച്ച സ്വഭാവ സർട്ടിഫിക്കറ്റ് (അസ്സൽ).

(4) അപേക്ഷകർ ഏത് ജില്ലകാരനാണെന്ന് തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെയോ, പഞ്ചായത്ത് പ്രസിഡന്റിന്റേയോ സർട്ടിഫിക്കറ്റ് (അസ്സൽ).

അപേക്ഷ അയക്കുന്ന കവറിന്റെ പുറത്ത് "സർവ്വെ സ്കൂളിൽ ചേരുന്നതിനുള്ള അപേക്ഷ" എന്നും, കവറിന്റെ പുറത്തെഴുതുന്ന മേൽവിലാസത്തിൽ ഉദ്യോഗപ്പേരും, സ്ഥലപ്പേരും (അതായത് "ഡയറക്ടർ" സർവ്വെ ആന്റ് ലാന്റ് റിക്കാർഡ്സ്, വഴുതക്കാട്, തിരുവനന്തപുരം) മാത്രമേ എഴുതാൻ പാടുള്ളൂ. വിമുക്ത ഭടൻമാർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രായ പരിധിയിൽ ഇളവ് അനുവദിക്കുന്നതല്ല.

തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകൾ പ്രവേശനം കിട്ടുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റുകളുടെ അസ്സലുകൾ സർവ്വെ സ്കൂൾ അധികാരികളുടെ മുമ്പാകെ ഹാജരാക്കേണ്ടതാണ്. അർഹതയുള്ളവരെന്ന് സർവ്വെ ഡയറക്ടർക്ക് ബോധ്യപ്പെടുന്ന പക്ഷം സർക്കാർ ജീവനക്കാരെ 3-

൦ ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള വയസ്സോ, പരീക്ഷാ യോഗ്യതയോ പരിഗണിക്കാതെ തെരഞ്ഞെടുക്കാവുന്നതും, അവർക്ക് സ്വന്തം ചെലവിൽ പഠിക്കാവുന്നതുമാണ്.

പബ്ളിക് സർവ്വീസ് കമ്മീഷൻ തെരഞ്ഞെടുക്കുന്ന വില്ലേജ് അസിസ്റ്റന്റ്മാർ, രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻ, സർവ്വെയർ, ട്രെയ്സർമാർ ഇവർക്കും പ്രായ പരിധിയോ, പരീക്ഷാ യോഗ്യതയോ പരിഗണിക്കാതെ റവന്യൂ ഡിവിഷണൽ ആഫീസറുടേയോ, ജില്ലാകളക്ടറുടേയോ, സർവ്വെ ഡയറക്ടറുടേയോ ഏതാണെന്നുവച്ചാൽ അതു പ്രകാരമുള്ള നിർദ്ദേശാനുസണം പ്രവേശനം അനുവദിക്കാവുന്നതാണ്.

താഴെ പറയുന്ന പ്രകാരമുള്ള അപേക്ഷകൾ യാതൊരു മുന്നറിയിപ്പും കൂടാതെ നിരസിക്കപ്പെടുന്നതാണ്.

(1) ഒപ്പിടാത്തവ.
(2) നിർദ്ദിഷ്ട യോഗ്യതയില്ലാത്തവ.
(3) പ്രായ പരിധി കഴിഞ്ഞവ.
(4) വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള മറ്റ് പ്രധാന വ്യവസ്ഥകൾക്ക് വിധേയമാകാത്തവ.
(5) എസ്.എസ്.എൽ.സി യുടെ ശരിപകർപ്പുകൾ ഗസറ്റഡ് ഉദ്യോഗസ്ഥനെകൊണ്ട് സാക്ഷ്യപ്പെടുത്താത്തവ.
(6) ഏതു കേന്ദ്രത്തിലേയ്ക്കാണ് പ്രവേശനം വേണ്ടതെന്ന് പ്രത്യേകം കാണിക്കാത്ത അപേക്ഷ

ഒപ്പ്
സർവ്വെ ഡയറക്ടർ

ഉത്തരവിൻ പ്രകാരം

സർവ്വെഡയറക്ടർക്ക് വേണ്ടി

**<u>തിരുവനന്തപുരം, കോട്ടയം, തൃശൂർ, കോഴിക്കോട്, കണ്ണൂർ കേന്ദ്രങ്ങളിൽ</u>**

**<u>ചെയിൻ സർവെ ക്ലാസിൽ ചേരുന്നതിനുള്ള അപേക്ഷാ ഫാറം</u>**

**<u>(സ്വകാര്യ വിദ്യാർത്ഥികൾക്ക് വേണ്ടി)</u>**

1. അപേക്ഷകന്റെ പേര് :
2. അച്ഛന്റെയോ രക്ഷകർത്താവിന്റെയോ മുഴുവൻ പേര് :
3. അപേക്ഷകന്റെ മുഴുവൻ മേൽവിലാസം (വീട്ടുപേര്, പോസ്റ്റാഫീസ് പിൻകോഡ് മുതലായവ) :
4. ഏത് കേന്ദ്രത്തിലേയ്ക്ക് :
5. സ്ത്രീ/പുരുഷൻ :
6. ജനനതീയതി :
7. ഇന്ത്യൻ പൗരനാണോ :
8. ജാതിയുടെ പേരും ഏതു വിഭാഗത്തിൽ പ്പെട്ടതാണെന്നും, (പട്ടികജാതി/പട്ടിക വർഗ്ഗം, പിന്നോക്ക സമുദായം ഇവയിൽപ്പെട്ടവർ ഏതു വിഭാഗത്തിൽ ആണെന്ന് പ്രത്യേകം രേഖപ്പെടുത്തണം) :
9. പരീക്ഷായോഗ്യത (പൊതുവെ) :
10. എസ്. എസ്. എൽ. സി എത്രാമത്തെ പ്രാവശ്യം പാസ്സായി :
    1. എസ്.എസ്.എൽ.സിക്ക് മൊത്തം ലഭിച്ച മാർക്ക് :
    2. കണക്കിന് ലഭിച്ച മാർക്ക് :
    3. ആകെ ലഭിച്ച മാർക്ക് :
11. താഴെ പറയുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുണ്ടോ :
    1. ഏത് ജില്ലക്കാരനാണ് എന്ന് തെളിയിക്കുന്നത് :
    2. സ്വഭാവ സർട്ടിഫിക്കറ്റ് (അസൽ 6 മാസത്തിനകം ഉള്ളത്) :
    3. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നത് :
    4. ജാതി തെളിയിക്കുന്നത് (പട്ടികജാതി/പട്ടികവർഗ്ഗം എന്നീ സമുദായക്കാർക്ക് മാത്രം) :
12. അപേക്ഷകന്റെ ഒപ്പും തീയതിയും :

## തിരുവനന്തപുരം, കോട്ടയം, തൃശൂർ, കോഴിക്കോട്, കണ്ണൂർ കേന്ദ്രങ്ങളിൽ

## ചെയിൻ സർവെ ക്ലാസിൽ ചേരുന്നതിനുള്ള അപേക്ഷാ ഫാറം

## (സർക്കാർ ജീവനക്കാർക്ക് വേണ്ടിയുള്ളത്)

1. അപേക്ഷകന്റെ പേര് (മലയാളത്തിൽ)
   (ഇംഗ്ലീഷ്, വലിയ അക്ഷരത്തിൽ) :

2. അച്ഛന്റെയോ രക്ഷകർത്താവിന്റെയോ
   പേര് :

3. അപേക്ഷകന്റെ പൂർണ്ണമായ
   മേൽവിലാസം (പിൻകോഡ് സഹിതം) :

4. ഉദ്യോഗപ്പേരും, മേൽവിലാസവും
   (ഇംഗ്ലീഷ് വലിയ അക്ഷരത്തിൽ) :

5. ഏത് കേന്ദ്രത്തിലേയ്ക്ക് :

6. സ്ത്രീ/പുരുഷൻ :

7. പരീക്ഷാ യോഗ്യത (പൊതുവെ) :

8. സർക്കാർ സർവ്വീസിൽ പ്രവേശിച്ച
   തീയതിയും സർവ്വീസ് താൽക്കാലികമോ
   സ്ഥിരമോ എന്നും ശമ്പളനിരക്കും
   ശമ്പളവും :

9. അപേക്ഷകന്റെ ഒപ്പ് :

10. അപേക്ഷകന്റെ മേലധികാരിയുടെ ഒപ്പും
    ഉദ്യോഗപ്പേരും തീയതിയും
    ഓഫീസ് മുദ്രയും :